Bı -12543/18

# കൊല്ലം
# ജില്ലാ പട്ടികജാതി വികസന ഓഫീസിലെ പരിശോധന റിപ്പോർട്ട്

പരിശോധനാ കാലയളവ് : 01/05/2015 മുതൽ 31/05/2017 വരെ

പരിശോധനാ ടീം : ഫിൻ.സി. സെക്ഷൻ,പട്ടികജാതി വികസന ഡയറക്ടറേറ്റ്

സീനിയർ സൂപ്രണ്ട് - സത്യൻ.ആർ

സീനിയർ ക്ലാർക്ക് - ഗോപകുമാർ.ബി.കെ

പരിശോധനാ തീയതി : 13/09/2017 മുതൽ 16/09/2017 വരെ

**ചാർജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥർ**

**1.ജില്ലാ പട്ടികജാതി വികസന ഓഫീസർ**

1. ശ്രീ. കെ. ബി. ലാലാജി(ഇൻ -ചാർജ്) : 01/05/2015 മുതൽ 06/08/2015 വരെ
2. ശ്രീ.എം.നജീം : 06/08/2015 മുതൽ തുടരുന്നു.

**2. അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ**

1. ശ്രീ. കെ. ബി. ലാലാജി : 01/05/2015 മുതൽ 03/12/2015 വരെ
2. ശ്രീമതി ലിസ.ജെ : 03/12/2015 മുതൽ 05/03/2016 വരെ
3. ശ്രീ. കെ. ബി. ലാലാജി : 05/03/2016 മുതൽ 18/10/2016 വരെ
4. ശ്രീമതി സെമീനാ ബീഗം.എ (ഇൻ ചാർജ്) : 18/10/2016 മുതൽ 21/10/2016 വരെ
5. ശ്രീമതി ലിസ.ജെ : 21/10/2016 മുതൽ 17/05/2017 വരെ
6. ശ്രീമതി എസ്. ചന്ദ്രിക : 17/05/2017 മുതൽ തുടരുന്നു.

## I. ആമുഖം

(A) വകുപ്പ് തല പരിശോധന സംബന്ധിച്ച്

1. 10/04/12 മുതൽ 30/09/14 വരെയുള്ള കണക്ക് പരിശോധന റിപ്പോർട്ടിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ ചുവടെ ചേർക്കുന്നു. "ഭവനനിർമ്മാണ ധനസഹായ പദ്ധതി, ദുർബ്ബലവിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി, ശ്രീമതി കെ.എസ്. സ്റ്റെഫീന യുടെ പെൻഷൻ, ശ്രീ. ടി.വി പരമേശ്വരൻ നായരുടെ ബാദ്ധ്യത" ടി ഖണ്ഡികകൾ ക്കുള്ള അന്തിമ മറുപടി അടിയന്തിരമായി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ഈ ആഫീസിലെ 01/10/14 മുതൽ 30/04/15 വരെയുള്ള കണക്കുകളുടെ വകുപ്പ് തല പരിശോധന റിപ്പോർട്ട് 15/06/15-ലെ ഫിൻ ബി1/14443/15 നമ്പർ കത്ത് പ്രകാരം ലഭിച്ച തായി കാണുന്നു. പ്രസ്തുത റിപ്പോർട്ടിന് 12/05/17-ലെ എ5/3107/15 നമ്പർ കത്ത് പ്രകാരം മറുപടി അയച്ചിട്ടുണ്ട്. ആയത് അംഗീകരിച്ചതായുള്ള കത്ത് ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചതായി ഫയലിൽ കാണുന്നില്ല. കത്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്

(B) എ.ജി.യുടെ പരിശോധന റിപ്പോർട്ട് സംബന്ധിച്ച്

1. കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസിലെ 01/09/15 മുതൽ 31/08/16 വരെയുള്ള കണക്കുകളുടെ ടെസ്റ്റ് ഓഡിറ്റ് റിപ്പോർട്ട് 01/11/16-ലെ കത്ത് നമ്പർ OA(HQ) IV/II/12-104/16-17/504 പ്രകാരം ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന് മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ Part II B para I,V എന്നിവ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ Part II B para II, III, IV എന്നിവയ്ക്ക് ഇനിയും മറുപടി അയച്ചു കൊടുക്കേണ്ടതുണ്ട്. സത്വര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(2) 01/09/16 മുതൽ 31/05/17 വരെയുള്ള കാലയളവിലെ പരിശോധന റിപ്പോർട്ട് (Consolidated Report on the Local Audit of Accounts and Registers of Office of the DDO, Kollam and SCDO's Ochira, Chavara, Chittumala, Kollam Corporation and Mukhathala) 28/07/17 -ലെ OA(HQ) IV/II/12-45/17-18/323 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് മറുപടി അയച്ചതായി കാണുന്നില്ല. എത്രയും വേഗം മറുപടി അയച്ചു കൊടുത്തത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(3) എ.ജി.യുടെ മുൻപരിശോധന റിപ്പോർട്ടുകളിലെ പെന്റിംഗ് പാരകളുടെ വിവരം ചുവടെ ചേർക്കുന്നു. മറുപടി നൽകി തീർപ്പാക്കാനുള്ള ഖണ്ഡികകളുടേയും പരിശോധന റിപ്പോർട്ടുകളുടേയും ബാഹുല്യം നോക്കുമ്പോൾ സമയബന്ധിതമായും കൃത്യത യോടെയും മറുപടി അയച്ചു കൊടുക്കുന്ന കാര്യത്തിൽ വളരെ അലംഭാവം കാട്ടിയിട്ടുണ്ടെന്ന് പറയാതെ വയ്യ. ഇക്കാര്യത്തിൽ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ അധികശ്രദ്ധ ആവശ്യമാണെന്ന് കാണുന്നു.

| Sl No | Inspection Reports | Pending paras |
|---|---|---|
| 1 | OA(HQ) II/IV/12-219/09-10 | Part II- I to IX |
| 2 | OA(HQ) II/IV/12-185/10-11 | Part II- I , II, IV |
| 3 | OA(HQ) II/IV/12-113/11-12 | Part II- B III |
| 4 | OA(HQ) II/IV/12-185/12-13 | Part II- I , III,IV,V,VII |
| 5 | OA(HQ) II/IV/12-111/13-14 | Part II- I, II |
| 6 | OA(HQ) II/IV/12-130/14-15 | Part II- I, II, III |
| 7 | OA(HQ) II/IV/12-114/15-16 | Part II- I, II, III, IV,V |
| 8 | OA(HQ) II/IV/12-104/16-17 | Part II B- II, III, IV |

## II ക്യാഷ് ബുക്കും അനുബന്ധരേഖകളും

1. ബിൽബുക്കും /ക്യാഷ്ബുക്കും :-

(a) 19/02/15 മുതൽ 30/07/15 വരെയുള്ള ക്യാഷ് ബുക്കിൽ പേജ് നമ്പർ നൽകിയിരിക്കുന്ന രീതി ശരിയല്ല. ക്യാഷ് ബുക്കിലെ Receipt side -ലെ കോളങ്ങളും Payment Side- ലെ കോളങ്ങളും ഉൾപ്പെട്ടതാണ് 1 പേജ് (folio page)ആ വിധത്തിൽ പേജ് നമ്പർ നൽകി. സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.

(b) 19/02/15 മുതൽ 30/07/15 വരെയുള്ള ക്യാഷ് ബുക്കിലെ 136,137,172,173 എന്നീ പേജുകളിലും 01/08/15 മുതൽ 23/03/16 വരെയുള്ള ക്യാഷ് ബുക്കിലെ പേജ് 43-ലും രേഖപ്പെടുത്തലുകൾ ഒന്നും വരുത്തി ക്കാണുന്നില്ല. ടി പേജുകൾ റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(c) 2015-16-ലെ ബിൽബുക്ക് പേജ് 36-ൽ (ക്രമ നം.148) EB/692/15-16 പ്രകാരമുള്ള 20774/- രൂപയുടെ ബിൽ 30/03/16-ന് നൽകിയതായി കാണുന്നു. എന്നാൽ ബിൽ ബുക്കിലെ കോളം 10(a)ലോ കോളം10(b)ലോ പാസ്സാക്കിയ തുക എഴുതി ട്രഷറി ഓഫീസർ Dated Initial വച്ചിട്ടില്ല. ടി ബിൽ നിരാകരിച്ചതായോ റദ്ദു ചെയ്തതായോ രേഖപ്പെടുത്തിയിട്ടുമില്ല. ബിൽ ബുക്കിലെ കോളം 12-ൽ 31/03/16-ന് ഈ തുക ക്യാഷ്

ബുക്കിൽ ചേർത്തതായി കാണിച്ചിട്ടുണ്ടെങ്കിലും കോളം 13-ൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ ഒപ്പു വച്ചിട്ടില്ല. അതേ സമയം 31/03/16-ന് ഈ തുക വരവ് ചേർത്തിട്ടുമുണ്ട്. വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

(d) 2015-16, 2016-17 -വർഷങ്ങളിലെ ബിൽ ബുക്ക് പേജുകളിൽ ഓരോന്നിലും ഓഫീസിന്റെ പേര്/ഓഫീസറുടെ ഔദ്യോഗിക നാമം, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല . ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(e) 11/05/16-ന് ക്യാഷ് ബുക്കിൽ undisbursed amount of e-housing എന്ന് രേഖപ്പെടുത്തി 1,20,000/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുകയുടെ ഉത്ഭവം വ്യക്തമാക്കേണ്ടതും ഒരു തവണ വരവ് ചെലവ് രേഖപ്പെടുത്തിയ തുകയാണെങ്കിൽ ആയത് വീണ്ടും വരവ് കാണിയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കേണ്ടതുമാണ്.

(f) ബിൽ നം. CB/168/16-17 പ്രകാരമുള്ള 48,15,000/- രൂപയുടെ ബിൽ (ക്രമ നം.54) 18/07/16-ന് ട്രഷറിയ്ക്ക് നൽകിയതായിക്കാണുന്നു. എന്നാൽ ടി ബിൽ പാസ്സാക്കിയതതായോ, നിരാകരിച്ചതായോ, റദ്ദു ചെയ്തതായോ ഉള്ള രേഖപ്പെടുത്തലുകൾ ബിൽ ബുക്കിൽ കാണുന്നില്ല. നിജസ്ഥിതി അറിയിക്കേണ്ടതാണ്.

(g) 22/03/16 മുതൽ 28/09/16 വരെയുള്ള ക്യാഷ് ബുക്കിലെ 64 മുതൽ 69 വരെയുള്ള പേജുകളും, 30/09/16 മുതൽ 23/06/17 വരെയുള്ള ക്യാഷ് ബുക്കിലെ പേജ് 36,69 എന്നിവയും റദ്ദു ചെയ്തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(h) ക്യാഷ് ബുക്കിലെ പേജുകളിൽ ഓഫീസിന്റെ പേര്, ഏത് മാസത്തെ പണമിടപാട് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല.

(i) പരിശോധന തീയതിയിൽ 13/09/17-ന് നീക്കിയിരിപ്പ് തുക 'NIL' ആണ്.

2. **ചെലാൻ ഫയൽ**

21/08/15 മുതൽ ചെലാൻ ഫയൽ പരിപാലിച്ചു വരുന്നുണ്ട്. അതുവരെ ചെലാൻ രസീതുകൾ മറ്റ് കൈപ്പറ്റ് രസീതുകളോടൊന്നിച്ചാണ് സൂക്ഷിച്ചു വന്നിരുന്നത്.

3. **T.R. -5 രസീത് ബുക്ക്**

a. 01/04/15 മുതൽ പുതിയ മാതൃകയിലുള്ള (Centralized numbering System (പ്രകാരമുള്ള) T.R. -5 രസീത് ബുക്കുകൾ ലഭ്യമാക്കുകയും പുതിയ സ്റ്റോക്ക് രജിസ്റ്റർ ആരംഭിച്ച് അതിൽ രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്തിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. Book No. 0767 (രസീത് നം. AO-076601 മുതൽ AO-076700 വരെ
2. Book No. 0768 (രസീത് നം. AO-076701 മുതൽ AO-076800 വരെ
3. Book No. 0769 (രസീത് നം. AO-076801 മുതൽ AO-076900 വരെ
4. Book No. 0770 (രസീത് നം. AO-076901 മുതൽ AO-077000 വരെ

ഈ രസിത് ബുക്കുകൾ ഉപയോഗിച്ചതായി കാണുന്നില്ല.

b. പുതിയ T.R. -5 സ്റ്റോക്ക് രജിസ്റ്റർ 3-ൽ ഒന്നു മുതൽ 101 വരെ ലീഫുള്ളതും പഴയ മാതൃകയിലുള്ളതുമായ (Receipt with Counter foil). ഒരു T.R. -5 രസീത് ബുക്ക് ചവറ പട്ടികജാതി വികസന ഓഫീസറിൽ നിന്നും തിരികെ കൈപ്പറ്റിയതായി കാണുന്നു. ടി രസീത് ബുക്ക് എന്തു ചെയ്തുവെന്ന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. G.O(P) No. 213/2013/FIN dated 09/05/13 പ്രകാരം ആയത് നശിപ്പിച്ച വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കൊല്ലം ജില്ലാ പട്ടികജാതി വികസന ഓഫീസിലെ പഴയ മാതൃകയിലുള്ള T.R. -5 രസീത് ബുക്കിലെ 73-ാം നമ്പർ രസീത് വരെ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. തുടർന്നുള്ള രസീതുകൾ റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തി വച്ചിട്ടുണ്ടെങ്കിലും ആ വിവരവും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

4. **D.D. രജിസ്റ്റർ/ D.D. വിതരണ രജിസ്റ്റർ**

a) 3/1/13 മുതൽ 06/06/16 വരെയുള്ള രജിസ്റ്ററിലെ പേജ് 86 വരച്ചിട്ടിരിക്കുന്നു. ആയത് റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

b) പേജ് 112(ബി)-യിൽ പ്രാഥമിക ചെലവുകൾ എന്ന ഇനത്തിൽ 23/07/15-ന് 10,000/- രൂപയും 08/09/15-ന് 5000/- രൂപയും തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ ചെലാൻ നമ്പരുകൾ ക്യാഷ് ബുക്കിലോ അക്വിറ്റൻസിലോ (ഡി.ഡി.വിതരണ രജിസ്റ്റർ) എഴുതിയിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

c) ക്യാഷ് ബുക്കിൽ 23/07/15-ന് അട്രോസിറ്റി റിലീഫ് ഗ്രാന്റ് ഇനത്തിൽ 60,000/- രൂപയും പ്രാക്ടിക്കൽ ചെലവുകൾ എന്ന ഇനത്തിൽ 10,000/- രൂപയും തിരിച്ചടച്ചതായി കാണുന്നു. എന്നാൽ ചെലാൻ രസീതുകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. ആയത് കണ്ടെടുത്ത് ശരി പകർപ്പ് പരിശോധനയ്ക്കായി അയച്ചു തരേണ്ടതാണ്.

5. <u>അക്വിറ്റൻസ് (സ്റ്റാഫ്) :-</u>

a) 13/08/14 മുതൽ 23/06/15 വരെയുള്ള രജിസ്റ്ററിൽ പേജ് 77 മുതൽ 80 വരെയുള്ളവയിലെ തുക വിതരണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിതരണ തുകകൾ ആകെ തുകയുടെ കോളത്തിൽ കൂട്ടി എഴുതിയിട്ടില്ല. (Bill No. EB/16/15-16 Rs. 314167/C/0-4/5/15) ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

b) 13/08/14 മുതൽ 23/06/15 വരെയുള്ള അക്വിറ്റൻസ് രജിസ്റ്ററിലെ പേജ് 95 , 01/07/15 മുതൽ 23/04/16 വരെയുള്ള അക്വിറ്റൻസിലെ പേജ് 57,85,98 03/05/16 മുതൽ 31/07/17 വരെയുള്ള അക്വിറ്റൻസിലെ പേജ് 20,40,80,97 എന്നിവ വരച്ചിട്ടിരിക്കുന്നു. അവ റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

c) 01/07/15 മുതൽ 23/04/16 വരെയുള്ള അക്വിറ്റൻസിലെ 5 മുതൽ 10 വരെയും 13 മുതൽ 16 വരെയുള്ള പേജുകളിലും 3/05/16 മുതൽ 31/07/17 വരെയുള്ള അക്വിറ്റൻസിലെ 45 മുതൽ 101 വരെയുള്ള പേജുകളിലും 05/04/17 മുതലുള്ള രജിസ്റ്ററുകളിലും KTC Vol 432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

d) ബിൽ നം.EB/365/15-16 പ്രകാരം 29/10/15 തേർച്ച ചെയ്ത 1583/- രൂപ ശ്രീ. രാജേഷ്.എ അക്വിറ്റൻസിൽ ഒപ്പിട്ട് കൈപ്പറ്റി കാണുന്നില്ല. (അക്വിറ്റൻസ് പേജ് 44) എന്നാൽ ഓഫീസർ തുക വിതരണം സാക്ഷ്യപ്പെടുത്തുകയും ക്യാഷ് ബുക്കിൽ അന്നേ ദിവസം ചെലവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

e) 01/07/15 മുതൽ 23/04/16 വരെയുള്ള അക്വിറ്റൻസിലെ പേജ് 72-ൽ 1536/- രൂപ A. Semina Beegum-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിന്റെ സ്ലിപ്പ് ഒട്ടിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ബിൽ സംബന്ധമായ വിവരങ്ങൾ അക്വിറ്റൻസിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

f) 01/07/15 മുതൽ 23/04/16 വരെയുള്ള അക്വിറ്റൻസിലെ പേജ് 82-ൽ എ.അനസ് (ഡ്രൈവർ ഗ്രേഡ് ) 10825/- രൂപ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബിൽ നം. EB/365/15-16 പ്രകാരം 10826/- രൂപയാണ് ബിൽ ബുക്ക് വഴി തേർച്ച ചെയ്തിട്ടുള്ളത്. ഒരു രൂപയുടെ വ്യത്യാസം കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

g) 03/05/16 മുതൽ 31/07/17വരെയുള്ള അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ രജിസ്റ്ററിലെ 1 മുതൽ 3 വരെയുള്ള പേജുകളിലെ തുക വിതരണവും ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. <u>അക്വിറ്റൻസ് (വേതനം) :-</u>

പരിപാലിച്ചു വരുന്നു. പരിശോധനാ കാലയളവിലെ അക്വിറ്റൻസിൽ KTC Vol I, Rule 432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

7. <u>അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക്) :-</u>

a) അക്വിറ്റൻസ് രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. പ്രത്യേക പരാമർശം ഇല്ല.

b) അപ്രന്റീസ് ക്ലാർക്കുമാരുടെ അറ്റൻഡൻസ് രജിസ്റ്ററിൽ പൊതു അവധി ദിവസങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ പട്ടികജാതി വികസന ആഫീസറുടെ സാക്ഷ്യപ്പെടുത്തലുകൾ കാണുന്നില്ല. ന്യൂനതകൾ പരിഹരിയ്ക്കേണ്ടതാണ്.

## Part III

**വിവിധ പദ്ധതികൾ**

**1 ഭവനനിർമ്മാണ ഗ്രാന്റ്**

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയ വീടുകൾ | അവശേഷിക്കുന്ന വീടുകളുടെ വിവിധ ഘട്ടങ്ങൾ | | | |
|---|---|---|---|---|---|---|
| | | | I | II | III | ആകെ |
| 2007-08 | 772 | 639 | 34 | 59 | 40 | 133 |
| 2008-09 | 511 | 326 | 28 | 77 | 80 | 185 |
| 2009-10 | 1100 | 948 | 35 | 41 | 76 | 152 |
| 2010-11 | 815 | 617 | 60 | 59 | 79 | 198 |
| 2011-12 | 230 | 165 | 20 | 26 | 19 | 65 |
| 2012-13 | 515 | 382 | 36 | 34 | 63 | 133 |
| 2013-14 | 646 | 446 | 1 | 149 | 50 | 200 |
| 2014-15 | 736 | 643 | 31 | 22 | 40 | 93 |
| 2015-16 | 540 | 391 | 41 | 49 | 59 | 149 |
| 2016-17 | 1585 | 188 | 528 | 566 | 303 | 1397 |

ജില്ലാ പട്ടികജാതി വികസന ആഫീസ് വഴി നടപ്പിലാക്കിയ ഭവനനിർമ്മാണ പുരോഗതി വിവരങ്ങൾ (2007-08 മുതൽ 2016-17 വരെ) ആണ് മുകളിൽ പ്രസ്താവിച്ചിരിക്കുന്നത്. 2016-17-ൽ ഡെവ.ബി2-10445/16 തീയതി 20/06/2016 എന്ന ഉത്തരവു പ്രകാരം കൊല്ലം ജില്ലയ്ക്ക് ടാർജറ്റ് 810 നിശ്ചയിച്ചു നൽകിയിരുന്നു. എന്നാൽ ജില്ലാ ആഫീസിൽ നിന്നും വിവിധ പട്ടികജാതി വികസന ആഫീസ് വഴി ടി വർഷം 1585 വീടുകൾ അനുവദിച്ച് നൽകിയതായി തന്നിട്ടുള്ള സ്റ്റേറ്റ്മെന്റിൽ പറയുന്നുണ്ട്. ഡയറക്ടർ ടാർജറ്റ് പുനഃനിർണ്ണയിച്ച് നൽകിയിട്ടുണ്ടോ? ആയതിന്റെ ഉത്തരവ് ഫയൽ നം. എ6.11752/16 പ്രകാരം ലഭിച്ചിട്ടില്ല. ആയതിന്റെ പകർപ്പ് അയച്ചു തരേണ്ടതാണ്. കൂടാതെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുത്തിട്ടുള്ള വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത

പരിഹരിക്കേണ്ടതാണ്. ലൈഫ് പദ്ധതിയിൽപ്പെടുത്തി എത്രമാത്രം പൂർത്തീകരിക്കാൻ കഴിഞ്ഞു എന്ന വിവരം അറിയിക്കേണ്ടതാണ്.

## 2 മെയിന്റനൻസ് ഗ്രാന്റ്

2013-14- മുതൽ 2016-17 വരെ ടി പദ്ധതിയ്ക്ക് വന്നിട്ടുള്ള ഭൗതിക നേട്ടം ഇനി പ്രസ്താവിക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയായവ | അവശേഷിക്കുന്നവ |
|---|---|---|---|
| 2013-14 | 650 | 618 | 32 |
| 2014-15 | 651 | 599 | 52 |
| 2015-16 | 650 | 551 | 99 |
| 2016-17 | 756 | 623 | 133 |

2016-17-ൽ ഡയറക്ടറുടെ ഡെവ.ബി2-1046/16 തീയതി 21/06/16 എന്ന നമ്പർ ഉത്തരവിലൂടെ ഭവനപുനരുദ്ധാരണ ധനസഹായത്തിനായി കൊല്ലം ജില്ലയ്ക്ക് 756 ആയി നിശ്ചയിച്ചു നൽകിയിരുന്നു. 2016-17-ലെ തന്നിട്ടുള്ള കണക്കു വിവരവും 756 തന്നെ. എന്നാൽ ടി ആവശ്യത്തിനുള്ള രജിസ്റ്റർ പ്രകാരം ചുവടെപ്പറയുന്ന രീതിയിൽ പട്ടികജാതി വികസന ആഫീസർ ടാർജറ്റ് നിശ്ചയിച്ചു ജില്ലാ ആഫീസർ നൽകിയിരുന്നു.

| | | |
|---|---|---|
| 1 | വെട്ടിക്കവല | 57 No's |
| 2 | പത്തനാപുരം | 64 No's |
| 3 | മുഖത്തല | 51 No's |
| 4 | കൊട്ടാരക്കര | 69 No's |
| 5 | ചവറ | 40 No's |
| 6 | ഇത്തിക്കര | 61 No's |
| 7 | ശാസ്താംകോട്ട | 111 No's |
| 8 | അഞ്ചൽ | 60 No's |
| 9 | ചടയമംഗലം | 70 No's |

| | | |
|---|---|---|
| 10 | ചിറ്റുമല | 65 No's |
| 11 | ഓച്ചിറ | 79 No's |
| 12 | കൊല്ലം കോർപ്പറേഷൻ | 35 No's |

ഇത്തരത്തിൽ ആകെ 762 എണ്ണം നൽകിയിരുന്നു. ഇത് എങ്ങനെ ക്രമീകരിച്ചുവെന്ന് വ്യക്തമാക്കേണ്ടതാണ്.

3 **ഭൂരഹിത ധനസഹായം**

2015-16, 2016-17 എന്നീ വർഷങ്ങളിൽ ടി പദ്ധതിയ്ക്കുണ്ടായ ഭൗതിക പുരോഗതി, ചെലവ് എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 412 | 17,24,90,095 |
| 2016-17 | 441 | 18,15,94,100 |

ഭൂരഹിതത്തിന് പ്രത്യേക രജിസ്റ്റർ എഴുതി വരുന്നില്ലയെന്നാണ് അറിയാൻ കഴിഞ്ഞത്. ഓരോ പട്ടികജാതി വികസന ആഫീസർമാർക്കും ടാർജറ്റ് നിശ്ചയിച്ചു നൽകുന്നതും ആയത് പ്രകാരം ഓരോ പട്ടികജാതി വികസന ആഫീസർമാർ വിതരണം ചെയ്തതും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് എഴുതി സൂക്ഷിക്കേണ്ടത് ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ ചുമതലയാണ്. ടി വർഷങ്ങളിൽ വിതരണം ചെയ്ത ഭൂമിയെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ എഴുതി ആയത് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ പട്ടികജാതി വികസന ആഫീസർമാർ ടി വിഷയത്തിൽ ചെലവ് വിവരങ്ങളുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ട് ജനറലിന് അയച്ചിട്ടുണ്ടോയെന്ന വിവരവും ശേഖരിച്ചു രജിസ്റ്ററിൽ സൂക്ഷിക്കുക.

4. **ടോയ്‌ലറ്റ് നിർമ്മാണ ഗ്രാന്റ്**

2015-16 -ൽ ടി പദ്ധതിയ്ക്കായി 2500 ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും 2306 പേർ പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പെന്റിംഗ് ആയ 194

ഗുണഭോക്താക്കളും തുടർന്നുളള മാസങ്ങളിൽ പണി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**5 <u>സ്വയം തൊഴിൽ പദ്ധതി</u>**

ടി പദ്ധതിയ്ക്ക് 2015-16 -ൽ 24 ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ 17,67,890/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17-ൽ 22 ഗുണഭോക്താക്കൾക്കായി 15,00,271/- രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

**6. <u>ചികിത്സാ ധനസഹായം</u>**

ടി പദ്ധതിയ്ക്ക് വന്നിട്ടുളള ഭൗതിക നേട്ടം, ചെലവ് വിവരം എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 2484 | 5,44,58,500 |
| 2016-17 | 2215 | 4,03,50,000 |

വിവിധ ഗുണഭോക്താക്കൾക്കുളള തുക ജില്ലാ പട്ടികജാതി വികസന ആഫീസർമാരുടെ P/D A/C തുകയിൽ നിന്നും ചെക്ക് രസിതു വഴി പട്ടികജാതി വികസന ആഫീസർമാർക്ക് നൽകുന്നു. പട്ടികജാതി വികസന ആഫീസർമാർ കൗണ്ടർ ഫോയിൽ ഒപ്പിട്ടു ടി ചെക്ക് രസീത് കൈപ്പറ്റുന്നു. ആയത് ശരിയായ രീതി അല്ല. പ്രത്യേക ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിപാലിച്ചു ആയതിൽ ഒപ്പിട്ടു കൈപ്പറ്റുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ഇത്തരത്തിലുളള വീഴ്ച ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**7. <u>വിവാഹധനസഹായം</u>**

2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതിയ്ക്ക് ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 839 | 4,19,50,5000 |
| 2016-17 | 1252 | 12,52,00,000 |

ടി പദ്ധതിയും പട്ടികജാതി വികസന ആഫീസർമാർ വഴി നടപ്പിലാക്കിയിട്ടുളളതാണ്. മറ്റു പരാമർശങ്ങൾ ഇല്ല.

**8. മിശ്ര വിവാഹധനസഹായം**

ടി പദ്ധതിയ്ക്ക് ആഡിറ്റ് കാലയളവിൽ വന്നിട്ടുള്ള ഭൗതിക നേട്ടം, ചെലവ് വിവരം എന്നിവ ഇനി പ്രസ്താവിക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 130 | 65,00,000 |
| 2016-17 | 147 | 73,50,000 |

എ8-9596/16 എന്ന ഫയൽ പ്രകാരം ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും ജില്ലാ ആഫീസർ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകി വരുന്നു. എന്നാൽ ടി ആവശ്യത്തിലേയ്ക്ക് ഒരു രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. ജില്ലാ തലത്തിൽ ടി വിവരങ്ങൾ ക്രോഡീകരിച്ചു എഴുതി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

**9. അഡ്വക്കേറ്റ് ഗ്രാന്റ്**

ടി പദ്ധതിയ്ക്ക് 2015-16-ൽ 6 വ്യക്തികൾക്കായി 43,260/- രൂപയും 2016-17-ൽ ഒരാൾക്ക് 8250/- രൂപയും മാത്രം ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ ഫയൽ പരിശോധിച്ചതിൽ അഡ്വ.അശ്വതി ചന്ദ്രൻ, അഡ്വ.എം.മായ, അഡ്വ.ക്വീൻസി.വി.എസ് എന്നിവർക്ക് 8250/- രൂപ വീതം അനുവദിക്കുകയും ആവശ്യമായ രസീതുകൾ, എഗ്രിമെന്റ്, മറ്റ് ആവശ്യമായ രേഖകൾ എന്നിവ ഫയലുകളോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ചതായി കാണുന്നില്ല. പ്രസ്തുത വിവരം കൂടി അറിയിക്കേണ്ടതാണ്.

**10 . ബുക്ക് ബാങ്ക് പദ്ധതി**

2015-16 -ൽ ടി സ്കീമിന് 190 ഗുണഭോക്താക്കൾക്കായി 5,07,500/- രൂപയും 2016-17-ൽ 159 വിദ്യാർത്ഥികൾക്കായി 4,32,733/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ബി4-7539/14 തീയതി 12/07/16, ബി4-13810/16 തീയതി 24/07/17 എന്നിങ്ങനെ കത്തുകളിലൂടെ വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. മറ്റു പരാമർശങ്ങൾ ഇല്ല.

**11. അയ്യൻകാളി ~~മെമ്മോറിയൽ~~ ടാലന്റ് സെർച്ച് സ്കോളർഷിപ്പ്**

ടി പദ്ധതിയുടെ ഭൗതിക നേട്ടം, ചെലവു വിവരം എന്നിവ ചുവടെ ചേർക്കുന്നു

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 439 | 19,77,500 |
| 2016-17 | 453 | 20,38,500 |

മറ്റ് പരാമർശങ്ങൾ ഇല്ല.

**12. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി**

2015-16, 2016-17 എന്നീ വർഷങ്ങളിലെ ടി പദ്ധതിയ്ക്ക് വന്നിട്ടുള്ള ചെലവുകൾ, ഭൗതിക നേട്ടം എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 1613 | 37,97,000/- |
| 2016-17 | 1921 | 45,47,000/- |

**13. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്**

ആഡിറ്റ് കാലയളവിലെ ടി പദ്ധതിയുടെ പുരോഗതി വിവരം ചുവടെ കുറിക്കുന്നു.

**14. ലംപ്സംഗ്രാന്റ്**

| | | |
|---|---|---|
| 2015-16 | 41039 | 30870803 |
| 2016-17 | 45434 | 32497954 |

ലംപ്സം ഗ്രാന്റ് ഇനത്തിൽ ആഡിറ്റ് കാലയളവിൽ ഉണ്ടായ ചെലവു വിവരവും ഭൗതിക നേട്ടവും ആണ്[redacted] നേരത്തേ പ്രസ്താവിച്ചിരിക്കുന്നത്. മറ്റ് പരാമർശങ്ങൾ ഇല്ല.

**15. പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം**

2015-16, 2016-17 എന്നീ വർഷങ്ങളിൽ ടി പദ്ധതിയ്ക്ക് വന്നിട്ടുള്ള ചെലവും ഭൗതിക നേട്ടവും ചുവടെ കുറിക്കുന്നു.

| | | |
|---|---|---|
| 2015-16 | 649 | 49,77,741/- |
| 2016-17 | 625 | 46,14,113/- |

**16. അയ്യങ്കാളി സ്കോളർഷിപ്പ് ബോധവത്കരണ സെമിനാർ**

2015-16, 2016-17 എന്നീ വർഷങ്ങളിൽ ജില്ലാതലത്തിൽ അയ്യങ്കാളി സ്കോളർഷിപ്പ് ബോധവത്കരണ ക്ലാസുകൾ 19/12/2015, 24/12/16 എന്നീ തീയതികളിൽ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചിരുന്നു. 40000 രൂപ വരെ ചെലവഴിക്കാൻ കഴിയുമായിരുന്നെങ്കിലും ഓരോ വർഷവും മിച്ചം വന്നതും യഥാക്രമം 235/- രൂപ, 3520/- രൂപ എന്നിങ്ങനെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയാണുണ്ടായത് . 2 പരിപാടികളിലും 350 ഓളം പേർ പങ്കെടുത്തിരുന്നതായും ടി സെമിനാറുകൾ വൻ വിജയമായിരുന്നതായും ഫയലിൽ നിന്നുമുള്ള വിവരങ്ങളാൽ മനസ്സിലായി. വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ചിട്ടുള്ളതായി ഫയലിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ടി പ്രോഗ്രാമിന്റെ പോരായ്മയായി കാണുന്നത് ഇത്തരം പ്രോഗ്രാമുകൾ ഏറ്റവും കൂടുതൽ വ്യക്തികളെ സ്കോളർഷിപ്പിനായി തെരെഞ്ഞെടുത്ത ബ്ലോക്ക് തലത്തിൽ (കുറഞ്ഞത് 2 പ്രോഗ്രാമുകൾ) സംഘടിപ്പിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ടി പരിപാടിയുടെ യഥാർത്ഥ ഗുണം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ലഭിക്കുകയുള്ളൂ. തുടർ വർഷങ്ങളിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**17. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

2015-16 എന്നീ വർഷങ്ങളിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ജില്ലാതല സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഡെവ.ബി.3-23514/15 തീയതി 25/09/15, ഡെവ.ബി3-24848/16 തീയതി 20/09/16 എന്നീ തീയതികളിലെ ഡയറക്ടറുടെ ഉത്തരവുകൾ പ്രകാരം ഓരോ വർഷവും 50000/- രൂപ ചെലവഴിക്കുന്നതിനായി അനുവദിച്ചു നൽകിയിരുന്നു. 2015-ൽ ജില്ലാ പഞ്ചായത്തിന്റെ ഐ.റ്റി.ഹാളിലും 2016-ൽ ഇളമാട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലും വച്ചാണ് സമ്മേളനം സംഘടിപ്പിച്ചിരുന്നത്. 2 പ്രോഗ്രാമുകളുടേയും യഥാർത്ഥ ചെലവ് യഥാക്രമം 43075 രൂപയും, 43045 രൂപയും ആണ്. മിച്ചം വന്നിട്ടുള്ള തുകകൾ 6925 രൂപ, 6955 രൂപ എന്നിങ്ങനെ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു മുഖ്യ ആവശ്യങ്ങൾക്കായി അനുവദിക്കപ്പെട്ട തുക ടി പ്രോഗ്രാമുകളുടെ കൂടുതൽ വിജയത്തിനായി ചെലവഴിക്കേണ്ടത് അത്യാവശ്യമാണ്. അല്ലാതെ ഓരോ പ്രധാന ആവശ്യങ്ങൾക്കായി

അനുവദിക്കപ്പെട്ട തുകകൾ തിരിച്ചടയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. അഡ്വാൻസ് മാറിയ തുകകൾ ക്രമീകരിച്ചിട്ടുള്ളതായി ഫയലിൽ കാണാൻ കഴിഞ്ഞു. വിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ ആ വിവരം കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**18. അതിക്രമം തടയൽ സെമിനാർ**

കൊല്ലം ജില്ലയിൽ അതിക്രമം തടയൽ നിയമം സംബന്ധിച്ച ബോധവൽകരണ സെമിനാർ സംഘടിപ്പിക്കുന്നതിനായി ഒരു ലക്ഷം രൂപ പട്ടികജാതി വികസന ഡയറക്ടർ അനുവദിച്ചിരുന്നു. ആയതിൻ പ്രകാരം കൊല്ലം ജില്ലാ പഞ്ചായത്ത് ഐ.റ്റി.ഹാളിൽ വച്ച് 16/01/2016 ലും അഞ്ചൽ ബ്ലോക്കിൽ വച്ച് 23/02/2016-ലും 2 സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. ആദ്യത്തെ സെമിനാറിന് ആകെ ചെലവ് 45,835/- രൂപയായിരുന്നു. മിച്ചം തുക 4,165/- ട്രഷറിയിൽ തിരിച്ചടച്ചു. അഞ്ചൽ ബ്ലോക്കിൽ വച്ച് നടന്ന സെമിനാറിലും ചെലവ് 29670/- രൂപ ആയിരുന്നു. ബാക്കിയുള്ള 20,330/- സർക്കാരിലേയ്ക്ക് തിരിച്ചടച്ചു. ഇത്തരത്തിൽ ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ അനുവദിക്കപ്പെട്ട മടക്കിയടക്കാനുണ്ടായ സാഹചര്യം എന്ത്? വിശദീകരണം നൽകേണ്ടതാണ്. ടി പ്രോഗ്രാമുകളുടെ യു.സി. വിവരം കൂടി അറിയിക്കേണ്ടതാണ്.

**19. ഇ-ഗ്രാൻസ്**

ടി പദ്ധതിയ്ക്ക് ആഡിറ്റ് കാലയളവിൽ വന്നിട്ടുള്ള ഭൗതിക നേട്ടം, ചെലവ് എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | | SC | OEC | OBC | KPCR | SEBC | FC |
|---|---|---|---|---|---|---|---|
| 2015 | ആകെ വിദ്യാർത്ഥികൾ | 14418 | 4450 | 17298 | 4854 | 2492 | 1351 |
| 2016 | ആകെ ചെലവ് (ലക്ഷത്തിൽ) | 1809.09 | 764.07 | 406.19 | 110.53 | 177.24 | 84.43 |
| 2016 | ആകെ കുട്ടികൾ | 14455 | 4574 | 19581 | 5991 | 2477 | 1330 |
| 2017 | ആകെ ചെലവ് (ലക്ഷത്തിൽ) | 1785.51 | 828.23 | 459.49 | 123.34 | 190.36 | 93.60 |

## Part IV

**വിവിധ രജിസ്റ്ററുകൾ**

**1 പേ ബിൽ രജിസ്റ്റർ**

നിശ്ചിത രജിസ്റ്റർ തന്നെ പരിപാലിക്കുന്നു. ഓരോ ജീവനക്കാരുടേയും പേജുകളിൽ Scale of pay, Date of Joining, Maritial status, Date of of increment, GPF, SLI, GI, LIC എന്നിവയുടെ അക്കൗണ്ട് എന്നിവ കൂടി എഴുതി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതാണ്

**2 കണ്ടിജന്റ് രജിസ്റ്റർ**

മറ്റ് പരാമർശങ്ങൾ ഇല്ല.

**3 ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

നിശ്ചിത രജിസ്റ്റർ തന്നെ പരിപാലിച്ചു വരുന്നു. ആഡിറ്റ് കാലയളവിലെ സ്റ്റാമ്പ് ബാലൻസ് ചുവടെ ചേർക്കുന്നു.

1/5/2015-ൽ 5962/- രൂപ

31/3/2016-ൽ 5233/-രൂപ

31/5/2017-ൽ 7409/- രൂപ

ആഡിറ്റ് ദിവസം സ്റ്റാമ്പ് ബാലൻസ് വെറും 10 രൂപ ആയിരുന്നു. സ്റ്റാമ്പ് തീരുന്ന മുറയ്ക്ക് വാങ്ങുന്നതിനും സ്റ്റാമ്പിന്റെ ക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സർക്കുലർ 43/88/ഫിൻ തീയതി 03/06/1988 എന്ന സർക്കുലർ പ്രകാരം ഇത് ദ്വൈമാസ വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ന്യൂനത പരിഹരിച്ചു വിവരം അറിയിക്കേണ്ടതാണ്.

**4 സ്റ്റോക്ക് രജിസ്റ്റർ**

നിശ്ചിത രജിസ്റ്റർ തന്നെ ടി ആവശ്യത്തിലേക്ക് പരിപാലിച്ചു വരുന്നു. വാർഷിക ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി വരുന്നില്ല. കൂടാതെ ഇഷ്യൂ ചെയ്യുന്ന ഐറ്റങ്ങൾ സ്റ്റാഫുകളെക്കൊണ്ട് ഒപ്പിടീച്ചു നൽകേണ്ടതാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**5 ലോഗ് ബുക്ക്**

ജില്ലാ ആഫീസ് KL 01P 7078 എന്ന നമ്പർ വാഹനമാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ലോഗ് ബുക്കിൽ ആവശ്യമായ രേഖകൾ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ട്. അബ്സ്ട്രാറ്റ് എഴുതുന്നുണ്ടെങ്കിലും പലപ്പോഴും ജില്ലാ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ന്യൂനത പരിഹരിക്കണം. 01/02/2016 മുതൽ 12/02/2016 വരെ 48.95 ലിറ്ററും 20/02/16 മുതൽ 29/02/2016 വരെ 81.90 ലിറ്ററും ഇന്ധനം ഉപയോഗിച്ചതായി രജിസ്റ്ററിൽ നിന്നും മനസ്സിലായി. പ്രതിമാസ ഇന്ധന ഉപയോഗം 70 ലിറ്റർ ആയി പരിമിതപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത മാസം അധികം ഉപയോഗിച്ചത് സാധൂകരിച്ചിട്ടുണ്ടോ? വിശദീകരണം നൽകേണ്ടതാണ്. ടി വാഹനം 27/05/2017 വരെ മാത്രമേ ഓടിയിട്ടുള്ളു. പ്രസ്തുത വാഹനം കണ്ടം ചെയ്യുന്നതിനായി സർക്കാരിലേക്ക് എഴുതിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു.

**6 ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

ടി ആവശ്യത്തിലേയ്ക്ക് ഒരു രജിസ്റ്റർ പരിപാലിക്കുന്നു. KFC Vol I Art 63 എന്ന പ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക. 2009-10 മുതൽ ഉള്ള ഒബ്ജക്ഷൻ പാരകൾ തീർപ്പാക്കി ടി വിവരം രജിസ്റ്ററിൽ എഴുതി ചേർക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**7. സർവ്വീസ് രജിസ്റ്റർ**

ടി രജിസ്റ്റർ ആഡിറ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രസതുത രജിസ്റ്റർ പരിപാലിക്കുകയും എല്ലാ സർവ്വീസ് ബുക്കുകളും ടി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

**7. സർവ്വീസ് ബുക്കുകൾ**

1. **ശ്രീമതി സെരീനാ ബീഗം.എ ജൂനിയർ സൂപ്രണ്ട് Pen : 226294.**

ടിയാളുടെ ഫോട്ടോ, (പേജ് നമ്പർ 1) Date of Birth, Educational Qualification മുതലാവയ രേഖപ്പെടുത്തിച്ചിട്ടുള്ളത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ Family particular (Page No.5) രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുക

2. **ശ്രീമതി ഷംന.എ സീനിയർ ക്ലാർക്ക് Pen : 557715.**

ടിയാളുടെ Family particular രേഖപ്പെടുത്തി സൂക്ഷിക്കുക. G.O.(P) 75/2007/Fin തീതയി 27/02/2007 എന്ന ഉത്തരവു പ്രകാരം ആർജ്ജിതാവധി കണക്കാക്കിയത് recast ചെയ്തു രേഖപ്പെടുത്തുക.

3. **ശ്രീ. ആനന്ദ്. എസ്. വിജയ്., സീനിയർ ക്ലാർക്ക്**

ടിയാളുടെ ഫോട്ടോ അറ്റസ്റ്റ് ചെയ്തു സൂക്ഷിക്കുക. Family particular രേഖപ്പെടുത്തുക. ആദ്യ പേജിൽ തന്നെ ടിയാളുകളുടെ PEN നമ്പർ എഴുതി പ്രദർശിപ്പിക്കുക

4. **ശ്രീ. ബിനോയ്.ആർ. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II Pen : 226289.**

ടിയാളുടെ Family particular രേഖപ്പെടുത്തി സൂക്ഷിക്കുക. ലീവ് കാൽക്കുലേഷൻ രേഖപ്പെടുത്തുന്ന പേജുകളിൽ ധാരാളം വെട്ടിത്തിരുത്തലുകൾ കാണുന്നു. സർവ്വീസ് ബുക്കിൽ ഇത്തരം വെട്ടിത്തിരുത്തലുകൾ കഴിവതും ഒഴിവാക്കേണ്ടതാണ്.

5. **ശ്രീമതി റീന തോമസ്, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II Pen : 226277**

ടിയാളുടെ Family particular രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുക. GIS,SLI എന്നിവയുടെ നോമിനേഷൻ എഴുതിയിട്ടുണ്ടെങ്കിലും അറ്റൻഡ് ചെയ്തിട്ടില്ല. ഏൺഡ് ലീവ് റീകാസ്റ്റ് ചെയ്തിട്ടില്ല. ന്യൂനതകൾ പരിഹരിക്കുക.

6. **ശ്രീ. അഖിൽ.ആർ. അശോക് പ്യൂൺ Pen : 714546.**

ടിയാളുടെ GIS, ~~KPF~~ GPF, SLI എന്നിവയുടെ നോമിനേഷൻ അപ്ഡേറ്റ് ചെയ്തു പരിപാലിക്കുക. ഏൺഡ് ലീവ് റീ-കാസ്റ്റ് ചെയ്തു രേഖപ്പെടുത്തുക.

## V പൊതു അഭിപ്രായം

ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. ജില്ലാ തലത്തിൽ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുമ്പോൾ വ്യത്യസ്ത സ്ഥലങ്ങൾ കണ്ടെത്തി

നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സർവ്വീസ് ബുക്കുകൾ കൈകാര്യം ചെയ്യേണ്ട താണ്. വെട്ടിത്തിരുത്തലുകൾ ആവതും ഒഴിവാക്കേണ്ടതാണ്. വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയതിന് ജില്ലാതലത്തിൽ രജിസ്റ്ററുകൾ തുടങ്ങുകയും വിവരങ്ങൾ ക്രോഡീകരിച്ചു രേഖപ്പെടുത്തുകയും ചെയ്യുക.

റിപ്പോർട്ട് അംഗീകരിക്കുന്നതിനായി

(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

എം.ബി.